Item Code: 944 Participant Code: 324

5/1/2025

## കാലവും കോലവും ധാർമ്മികതയും, ശാസ്ത്രത്തിന്റെ നൈതികതകളിലൂടെ; ശാസ്ത്രബോധത്തിലൂടെ

അറിവിന്റെ ചക്രവാളങ്ങൾ വിസ്തൃതമായി, നൂതന ശാസ്ത്രസത്യങ്ങൾ ഒന്നൊന്നായി രൂപപ്പെട്ടുകൊണ്ടിരിക്കുന്ന് കാലത്തിന് മുമ്പേ കാവലാളായി, മനുഷ്യന്റെ ചിന്തകളെയും, കണ്ടുപിടുത്തങ്ങളെയും വിസ്മരിപ്പിച്ചുകൊണ്ട്, അസാധ്യമെന്ന് എഴുതിത്തള്ളിയ മേഖലകളെ, സാധ്യതകളുടെ വിജ്ഞാനകോശമാക്കി, മനുഷ്യൻ അവന്റെ ജൈത്രയാത്ര തുടരുന്നു. ശരവേഗത്തിലോടുന്ന ശാസ്ത്രസാങ്കേതിക വിദ്യകളുടെ ചിറകിലേറി, ശൂന്യാകാശവും കടന്ന്, ശുക്രനെയും താണ്ടി, അപ്രാപ്യമായവ പ്രാപ്യമാക്കിക്കൊണ്ട്, ലോകത്തിന്റെ അതിർവരമ്പുകളെല്ലാം അതിലംഘിച്ച്, സമാനതകളില്ലാത്ത ഫലങ്ങൾ പുറപ്പെടുവിച്ച് ശാസ്ത്രം കുതിച്ചുയരുകയാണ്.

"നിന്നുകൊണ്ടിട്ടിയലെത്തുന്നിടത്ത് പ്രപഞ്ചം
മനുഷ്യന്, നാളെയവൻ പിൻഗാമികളി, സുരലോ-
കക്ഷങ്ങളെ, അമ്മാനമാടിടും" എന്ന വയലാറിന്റെ

വരികൾ ശാസ്ത്രത്തിന്റെ അതിപ്രസരമായ കടന്നുകയറ്റത്തെ വരച്ചിടുന്നു. ശാസ്ത്രം ഇന്ന് മനുഷ്യനെ കൈപിടിച്ചുനടത്താത്ത ഏതെങ്കിലും മേഖല ഇന്ന് അവന്റെ മുമ്പിൽ അവശേഷിക്കുന്നുണ്ടോ? വേദനയായ വരുതിയിലാക്കി, പ്രായത്തെ കൈപ്പിടിയിലൊതുക്കി, സമയം അവന്റെ മുമ്പിൽ തോറ്റു, ദൂരവും അവന്റെ മുമ്പിൽ പ്രണമിച്ചു. ഇപ്പോൾ കാലത്തെ അതിജീവിക്കുവാനുള്ള തിരക്കിലാണവൻ. ശിലായുഗത്തിൽനിന്നും എ.ഐ യുഗത്തിലേക്കുള്ള പ്രയാണം ലോകമാസകലം, ആശ്ചര്യത്തോടെ, അഭിമാനത്തോടെ നോക്കികാണുന്നു.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ഇന്നും തൊടുന്ന, നിയന്ത്രണങ്ങളില്ലാതെ ശാസ്ത്രം വിശാലമായി പടർന്നുപന്തലിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ, ശാസ്ത്രവബോധം എത്ര മനുഷ്യശിരസ്സിൽ ഫലപുഷ്ടിയോടെ, ക്രമാതീതമായ മുൻകരുതലുകളോടെ, ശരിയായ രീതിയിൽ വളർന്നുവരുന്നുണ്ട് എന്ന് നാം ചിന്തിക്കേണ്ട, വിലയിരുത്തേണ്ട സമയം അതിക്രമിച്ചുകഴിഞ്ഞിരിക്കുന്നു.

തൊണ്ണൂറുശതമാനത്തോളം സാക്ഷരതയുള്ള, മാറ്റത്തിന്റെയും, ശരിയായ സാമൂഹിക കാഴ്ചപ്പാട് നിലനിർത്തു

ന്ന, സാമൂഹിക വേർതിരിവുകൾ അപ്രത്യക്ഷമായി എന്ന് അവകാശപ്പെടുന്ന, ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ, 2048-ഓടെ വികസിത രാജ്യമായി കിരീടമണിയാൻ കൊതിക്കുന്ന, ഇരുപത്തിയഞ്ച് ശതമാനത്തിലധികം യുവാക്കളുള്ള, ശാസ്ത്രത്തിന്റെ നൂതനഭാവങ്ങൾ അതിവേഗം പുണരപ്പെടുവിക്കുന്ന ഇന്ത്യ എന്ന മഹാരാജ്യത്തിലും, ശാസ്ത്രാവബോധത്തിന്റെ വികസനം എത്രമാത്രം പുരോഗമിക്കുന്നു എന്നത് തീർത്തും ആശങ്ക ഉയർത്തുന്ന ഒരു ഘടകമാണ്.

വർത്തമാനപത്രങ്ങളിലൂടെയും, വാർത്താമാധ്യമങ്ങളിലൂടെയും നാം കടന്നുപോകുമ്പോൾ, കരളലിയിപ്പിക്കുന്ന, കണ്ണീരണിയിപ്പിക്കുന്ന കാഴ്ചകളായി, ശാസ്ത്രാവബോധത്തിന്റെ അഭാവം രൂപം കൊള്ളുകയാണ്. അന്ധവിശ്വാസങ്ങളുടെയും, മൂഢമായ ആചാരങ്ങളുടെയും പുറകെ പോകുവാൻ വെമ്പൽ കൊള്ളുന്ന ആധുനിക മനുഷ്യൻ ഇന്ന്, "ശാസ്ത്രം എത്ര വളർന്നാലും, വളരാത്ത, പച്ചപിടിക്കാത്ത, വ്യാപ്തിയിൽ ചിന്തിക്കുവാനുള്ള ചിന്താശേഷി നഷ്ടപ്പെട്ട കാഴ്ചപ്പാടിന്റെ ഉത്തമഉദാഹരണമാണ്, സാമൂഹിക പ്രതിനിധിയാണ്.

അന്നം കട്ടവനെ, വെട്ടിക്കൊന്ന, മാനം മറയ്ക്കാൻ ശ്രമിച്ചവനെ തല്ലിക്കൊന്ന, ആർത്തവം അശുദ്ധിയെന്ന് കൽപ്പിച്ച് മാറ്റിപ്പാർപ്പിച്ച, സ്ത്രീധനം ആചാരമായി കണക്കാക്കുന്ന പരിഷ്കൃത ലോകത്തെ, ആധുനിക ചിന്താഗതികളെ, ശാസ്ത്രത്തിന്റെ അവബോധമില്ലായ്മയുടെ പര്യായമല്ലാതൊന്നും വേറെ നിർവചിക്കുവാൻ കഴിയുന്നില്ല. ശാസ്ത്രം വാനോളം വളർന്നിട്ടും, ശരിയായ ശാസ്ത്രബോധം എന്തുകൊണ്ട് നാമിന്ന് ജീവിക്കുന്ന ആധുനിക സമൂഹത്തിൽ വ്യക്തമായി പ്രതിഫലിക്കുന്നില്ല? വിദ്യാഭ്യാസനയങ്ങളും, സമ്പ്രദായങ്ങളും, ആഗോള തലത്തിലുള്ള ശ്രദ്ധ നേടുമ്പോഴും, ഇന്ത്യയിലെ, വിദ്യാസമ്പന്നരായ കേരളത്തിലെ യുവതലമുറ ഇന്നും അന്ധകാരത്തിന്റെ, അറിവില്ലായ്മയുടെ ലോകത്താണ്.

ലോകത്തിനുമുമ്പിൽ അഭിമാനത്തിന്റെ കൊടി പാറിച്ച, തന്റെ യശസ്സ് ഉയർത്തിക്കാട്ടിയ ചന്ദ്രയാൻ ദൗത്യത്തിൽപ്പോലും നിലനിന്ന, നടപ്പിലാക്കിയ, അന്ധമായ വിശ്വാസപാരമ്പര്യങ്ങൾ ലോകം ശ്രദ്ധിച്ചതാണ്. വിക്ഷേപണത്തിനുമുമ്പ് ദൈവങ്ങളെ പൂജിച്ചില്ലെങ്കിൽ അവ ഫലപ്രാപ്തി നേടില്ല എന്ന് വിശ്വസിക്കുന്ന ഈ സമൂഹത്തിൽ മാറ്റത്തിന്

നിർവികാരങ്ങൾ നൂചമെടക്കേണ്ടത് നാളെയുടെ, സാമൂഹികചിന്താബോധമുള്ള ഒരു കൂട്ടം ജനതയെ വാർത്തെടുക്കേണ്ടതിന്റെ ആവശ്യകതയായി മാറിയിരിക്കുന്നു.

നരബലിയും, കൂടോത്രവും സർവ്വസാധാരണമായി, സമൂഹത്തിന്റെ ഭാഗമായിരിക്കുന്നു; അമ്പിളിയമ്മാവനെയും, വാൽനക്ഷത്രങ്ങളെയും തൊട്ടറിയുന്ന ശാസ്ത്രവളർച്ചയുട-യിൽ, ഇന്നും സമൂഹത്തിൽ നിലനിന്നുപോരുന്ന അസമത്വ-ത്തെ, അറിവില്ലായ്മയെ പിടിച്ചുകെട്ടാൻ, ശാസ്ത്രാവബോധം സൃഷ്ടിക്കാൻ നാം ഒരുങ്ങേണ്ടിയിരിക്കുന്നു.. മനുഷ്യനെത്ര വളർന്നാലും അവന്റെ കൂടപ്പിറപ്പായി കുടിവസിക്കുന്ന വ്യർത്ഥമായ ചിന്താഗതികൾ കുടഞ്ഞെറിയേണ്ട നേരമാണിന്ന്.

ശാസ്ത്രം മനുഷ്യനെ നയിക്കേണ്ടവയാണ് അവനെ നേർവഴിക്ക് നടത്തേണ്ടവനാണ്. പൊള്ളയായ വിശ്വാസങ്ങൾക്ക് അടിമപ്പെട്ട് ശാസ്ത്രത്തിന്റെ വശങ്ങളെ വിചാരണ ചെയ്യാത്ത സമൂഹം ഇന്ത്യയുടെ അപമാനം മാത്രമാണ്.

ആരോഗ്യമേഖലകളിലും, സാമ്പത്തികമേഖലകളിലും, വിദ്യാഭ്യാസമേഖലകളിലും അത്ഭുതങ്ങൾ സൃഷ്ടിക്കുന്ന

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

ശാസ്ത്രത്തിന്റെ വേരുകളെ ആശ്രയിച്ച്, അതിൽനിന്നും നമ്മുടെ ഗുണങ്ങൾ ചേർത്ത്പിടിച്ച്, സാങ്കേതിക വളർച്ചക്കായി, ഒന്നായി പോരാടാൻ നാം തയ്യാറാവണം.

പിന്തള്ളിയ വിശ്വാസങ്ങളെയും, ആചാരങ്ങളെയും, നാം പിഴുതെറിയുന്നില്ലെങ്കിൽ, ശാസ്ത്രാവബോധമുള്ള ഒരു ജനതയെ കുറിച്ച് സംസാരിക്കുന്നത് വെറും വിനോദം മാത്രമാണ്. മാറിമറയുന്ന ട്രെൻഡുകളും മാറ്റത്തിനൊപ്പം കുതിക്കുന്ന ആധുനിക മനുഷ്യനും, മറ്റൊരു വെട്ടിത്തെളിച്ച പ്രാചീനമൂല്യങ്ങളെ പിറകിലേക്കുമ്പോൾ, ശാസ്ത്രവും മനുഷ്യന്റെ നേട്ടങ്ങളും തോറ്റുപോവുകയാണ്. ഇതിനൊരു മാറ്റം സൃഷ്ടിക്കേണ്ടത്, ശാസ്ത്രത്തിന്റെ ശരിയായ അവബോധം തെളിക്കേണ്ടത്, നാളെയുടെ ഭാവി വാഗ്ദാനങ്ങളായ ഇന്നത്തെ യുവതലമുറയിലാണ്.

നാളെയുടെ പ്രഭാതം വിരിയുന്നത് ഇന്നത്തെ യുവതലമുറയുടെ മിഴികളിലാണ്. അവർ നാളെയുടെ പ്രതീക്ഷയാണ്. വറുതിയുടെ വറച്ചട്ടിയിൽ വർത്തമാനകാലം വെന്തുരുകുമ്പോഴും അവർ ഭാവിയുടെ സമ്പാദ്യമാണ്. ശാസ്ത്രത്തിന്റെ ശരിയായ അവബോധം

വഴിമാറുന്നത്, ഉന്നതികളുടെ, തിരിച്ചറിവുകളുടെ, ആരോഗ്യ-മുള്ള ഒരു ജനതയിലേക്കാണ്.

ശാസ്ത്രം ഇന്ന് റോബോട്ടിക്സിന്റെ പതിമൂന്നു വകഭേദങ്ങളിലേക്കു വളർന്നിട്ടും, മുരടിച്ച, വളർച്ച നഷ്ടപ്പെട്ട ചിന്താഗതികൾ ഒടുവിൽ വഴിവെക്കുന്നത് ദാരുണമായ മരണകാഴ്ചകളിലേക്കാണ്.

മധുവും, വിസ്മയനായരും, മോഫിയ പ്രവീണും രക്തസാക്ഷികളായി മാറിയ ഒരു കേരളത്തിൽ; നരമാംസം ഭക്ഷിച്ചാൽ ദൈവത്തെപോലെയാകുമെന്ന് വിശ്വസിച്ചിരുന്ന, ഇന്നും വിശ്വസിക്കുന്ന ഈ കേരളത്തിൽ, ശാസ്ത്രത്തിന്റെ ശരിയായ അവബോധമില്ലായ്മയുടെ, ഉള്ളുപൊള്ളിയ രംഗങ്ങൾ ദിവസേന മായാകാഴ്ചകളായി പ്രത്യക്ഷപ്പെടുന്നു.

കാലത്തിനോടൊപ്പം വളർന്ന സങ്കൽപത്തിൽനിന്നും, ശാസ്ത്രസാങ്കേതിക പിൻബലത്തോടെ, കാലത്തിനു മുമ്പേ സഞ്ചരിക്കുവാൻ തുനിയുന്ന ഇന്നത്തെ ലോകം ശാസ്ത്രാവബോധം കൃത്യമായും, വ്യക്തമായും സമൂഹത്തിൽ എത്തിച്ചി-ട്ടിൽ പാളുന്നത്, നഷ്ടപ്പെടുന്നത് നാളെത്തെ ഒരു തലമുറ കൂടിയാണ് എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

സർവ്വവും ശാസ്ത്രമാണ്. ശാസ്ത്രത്തിന്റെ വാതായന-ങ്ങൾ എന്നും തുറന്നിട്ടിരിക്കുകയാണ്. അതിന്റെ അഗാധ-മായ ഫലങ്ങളും മനുഷ്യന് ചിന്തിക്കുവാൻ കഴിയു-ന്നതിനേക്കാളും പരിപൂർണ്ണമാണ്.

ശാസ്ത്രത്തിന്റെ നൈതികതയിൽ, മാനുഷികമൂല്യ-ങ്ങളെ തലോടുന്ന, ഒടുവിൽ കീഴടക്കുന്ന ഒരു സമൂഹം ഇന്നിവിടെ വളർന്നുവരികയാണ്. കാലം മാറുമ്പോൾ, കോലവും മാറുന്ന, ധാർമ്മികമൂല്യങ്ങളെ വേരോടെ പിഴുതെറിയുന്ന സമൂഹം നാളേക്ക് വെല്ലുവിളിയാകും എന്നതിലും സംശയമില്ല.

ശാസ്ത്രത്തെ വിശ്വസിക്കുന്ന, അതിനെ തേടുന്ന ഇന്നത്തെ സമൂഹത്തിൽ, ശാസ്ത്രത്തിന്റെ ശരിയായ അവബോധം സൃഷ്ടിക്കുന്നത് ഇന്നും പ്രയോഗ-ത്തിൽ എത്തിയിട്ടില്ല എന്നതാണ് ചുരുക്കം. ശാസ്ത്ര-ത്തിന്റെ ശൃംഖലയെ അവസരോചിതമായി ഉപയോഗിച്ച് ശാസ്ത്രത്തെ, അതിന്റെ നന്മയെ ഉദ്ദേശശുദ്ധിയോടെ നേരിടാൻ മനുഷ്യന് ഇത്രമാത്രം സഹായം അരുളുന്ന മറ്റൊരു വിദ്യയും ഇല്ലെന്നു തന്നെ പറയാം.

ഇന്ത്യയുടെ സ്വപ്നത്തിനായ്, സ്വപ്നം കാണാൻ പഠിപ്പിച്ച അബ്ദുൾ കലാം സ്വപ്നം കണ്ട വികസിതമായ ഇന്ത്യ ഇതല്ല. ചിന്തയുടെ തെരുവുകളിൽ, പൗരബോധമുള്ള, ഉത്തരവാദിത്വമുള്ള, നന്മയുള്ള ഒരു ലോകത്തെയാണ്, ഒരു സമൂഹത്തെയാണ്. ശാസ്ത്രം മാനംമുട്ടെ വളർന്നാലും; മാറ്റം സംഭവിക്കാത്ത മനുഷ്യമനസ്സുകൾ തന്നെയാണ്, അവന്റെ ചിന്താഗതികൾ തന്നെയാണ് നാളെയുടെ ഇന്ത്യയിലെ പ്രധാന വെല്ലുവിളി; ആരോഗ്യവും അറിവുമുള്ള ഒരു സമൂഹം ഇവിടെ വളർന്നുവരണമെങ്കിൽ, ശാസ്ത്രത്തെ കൃത്യമായി മനസ്സിലാക്കുവാനും, ഉപയോഗിക്കാനും പ്രാപ്തിയുള്ള ഒരു ജനത വളർന്നുവരണം.

ശാസ്ത്രം ദിനംതോറും അതിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുമ്പോൾ, ശാസ്ത്രബോധമുള്ള മനുഷ്യരും അതിനോടൊപ്പം, ഒരുപക്ഷെ അതിനുമുകളിൽ വളർന്നുവരണം. അവിടെയാണ് ആധുനിക ഇന്ത്യ രൂപപ്പെടുക!! വികസനം മുഴങ്ങുക.!! ശാസ്ത്രത്തെ മനസ്സിലാക്കുന്ന, അതനുസരിച്ച് പ്രവർത്തിക്കുന്ന ഒരു

സമൂഹത്തെ നമുക്കും സ്വപ്നം കാണാം. എ.പി.ജെ സൂചിപ്പിച്ചതുപോലെ, "എനിക്കിതു ചെയ്യാൻ കഴിയും, നിങ്ങൾക്കിത് ചെയ്യാൻ കഴിയും, ഇന്ത്യക്കിത് ചെയ്യാൻ കഴിയും എന്ന ഇച്ഛാശക്തിയോടെ '540' അഞ്ഞൂറ്റി നാൽപ്പത് ദശലക്ഷം യുവജനങ്ങൾ പ്രവർത്തിക്കുകയാണെങ്കിൽ, ശാസ്ത്രബോധമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുക എന്ന സുന്ദരമായ ലക്ഷ്യം അകലെയല്ല.

മനുഷ്യനെ മനുഷ്യനായി കാണുന്ന, മനുഷ്യത്വം മണ്ണോടു ചേരാത്ത, ശാസ്ത്രത്തെക്കുറിച്ചുള്ള ശരിയായ ബോധമുള്ള ഒരു സമൂഹത്തെ നമുക്കും സ്വപ്നം കാണാം; നാളെകളുടെ വളർച്ചയ്ക്കായി.

ശാസ്ത്രത്തിന്റെ സാധ്യതകളെ കൂടുതൽ അടുത്തറിയുവാൻ; അനാരോഗ്യകരമായ ചിന്താഗതികളെ കത്തിച്ചാമ്പലാക്കുവാൻ, നമുക്കും സാധിക്കട്ടെ; സുന്ദരമായ ഒരു സമൂഹം ഇന്നിവിടെ വളർന്നുവരട്ടെ. . വിജ്ഞാനവിസ്ഫോടനത്തിന്റെ പുതിയ തീരങ്ങൾ തേടി അലയുന്ന മനുഷ്യന്റെ ചിന്താഗതികളെ, അവന്റെ

5/1/2025 Item Code: 944 Participant Code: 324

ആവശ്യങ്ങളെ, ശാസ്ത്രത്തിന്റെ പിൻബലത്തോടെ നട-
ത്തി പൂവണിയട്ടെ!!!

"നിന്റെ ചിന്തകളെ ശ്രദ്ധിക്കുക, അവ വാക്കുകളായി മാറുന്നു. വാക്കുകളാണ് പ്രവൃത്തികളായി മാറുന്നത്. പ്രവൃത്തികൾ ശീലങ്ങളായും. ശീലങ്ങൾ സ്വഭാവം രൂപീകരിക്കുന്നു. സ്വഭാവമാണ് വിധിയുടെ ഗതി നിർണയിക്കുന്നത്"

'ശാസ്ത്രം വളരട്ടെ, ശാസ്ത്രബോധവും!'